



# തൂലിക


## ലിറ്റിൽ കൈറ്റ്സ് ഇ - മാഗസിൻ 2019 - 20


## സെന്റ്. അഗസ്റ്റിൻസ് ഹൈസ്ക്കൂൾ നെല്ലിക്കുറ്റി

# പേജുകൾ മറിക്കുമ്പോൾ

## അകത്തളത്തിൽ

കഥ........8
കവിത........10
ഹിന്ദി കവിത........11
ലേഖനം........12
കവിത........13
ലേഖനം........14
കവിത........17
യൂത്ത് പാർലമെന്റ്........17



# എഡിറ്റോറിയൽ ബോർഡ്

**ചീഫ് എഡിറ്റർ**

ശ്രീമതി. മേഴ്സി തോമസ്
ഹെഡ്മിസ്ട്രസ്
സെൻ്റ്.അഗസ്റ്റിൻസ് ഹൈസ്ക്കൂൾ നെല്ലിക്കുറ്റി
ഫോൺ: 9446044031
E-mail: nellikuttyhs@gmail.com



**സബ് എഡിറ്റേർസ്**

ശ്രീ. ജോയ്സ് സഖറിയാസ്
HST Mathematics
St. Augustine HS Nellikutty
Ph :9656519645

ശ്രീമതി. മജി മാത്യൂ
HST Physical Science
St. Augustine HS Nellikutty
Ph.8547595748

**സ്റ്റുഡൻ്റ് എഡിറ്റേഴ്സ്**

കുമാരി സ്റ്റെഫിയ ജോസഫ്
കുമാരി അശ്വതി ദിലീപ്
മാസ്റ്റർ ജിസ്ബിൻ ജിന്നി
കുമാരി അലീന ബെന്നി
കുമാരി സുനേഹ എസ്
മാസ്റ്റർ ആൽബിൻ ബെന്നി
കുമാരി സുമിമോൾ ശശി



**ഡിസൈൻ &ലേ ഔട്ട്**

കുമാരി സുഹൈറ വി പി
കുമാരി നിഖിത ജോസഫ്
മാസ്റ്റർ വൈശാഖ് രാജൻ





# എഡിറ്റോറിയൽ

നെല്ലിക്കുറ്റി സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂളിനെ സംബന്ധിച്ചിടത്തോളം ഒട്ടേറെ നേട്ടങ്ങളുടെ വർഷമാണ് കൊഴിഞ്ഞുപോകുന്നത്. കഴിഞ്ഞ വർഷത്തെ ലിറ്റിൽ കൈറ്റ്സിന്റെ ഇ മാസികയായ "വസന്തം" ഒരു പൂ തന്നപ്പോൾ ഈ വർഷത്തെ തൂലിക ഒരു പൂക്കാലം തന്നെയാണ് കൊണ്ടുവന്നിരിക്കുന്നത്. കുറഞ്ഞ കാലം കൊണ്ട് ഇത്തരമൊരു മാസിക അണിയിച്ചൊരുക്കിയ ലിറ്റിൽ കൈറ്റ്സ് ടീമിനെ അഭിനന്ദിക്കുന്നു. നമ്മുടെ കുട്ടികൾ ചമച്ച മനോഹരമായ ഒരു അക്ഷര വിരുന്നാണ് തൂലിക. കൊച്ചു കൂട്ടുകാരുടെ കഥകളും കവിതകളും ലേഖനങ്ങളും ചിത്രങ്ങളും കൊണ്ട് സമ്പന്നമായ ഈ മാസികയുടെ ലേ ഔട്ടും എഡിറ്റിങ്ങും വളരെ ഭംഗിയായി ചെയ്തിരിക്കുന്നു. നമ്മുടെ ലിറ്റിൽ കൈറ്റ്സിന്റെ സാങ്കേതിക ജ്ഞാനത്തെ അഭിനന്ദിക്കുന്നു.ഇനിയും എഴുതി, വരച്ച് മിടുക്കരായി നാടിനും വീടിനും താങ്ങാവുന്ന നല്ല പൗരന്മാരായി വളരാൻ ഇത്തരം പ്രവർത്തനങ്ങൾ സഹായകരമാവട്ടെ എന്ന് ആശംസിക്കുന്നു.

സ്നേഹപൂർവ്വം
മേഴ്സി തോമസ്
ഹെഡ്മിസ്ട്രസ്, സെന്റ്. അഗസ്റ്റിൻസ് ഹൈസ്ക്കൂൾ നെല്ലിക്കുറ്റി



# ചരിത്രം- നെല്ലിക്കുറ്റി സെന്റ് അഗസ്റ്റിൻസ് ഹൈസ്ക്കൂൾ

രണ്ടാം ലോകമഹായുദ്ധം ലോകമെങ്ങും ദുരന്തങ്ങൾ വിതറിയതിന്റെ ഫലമായി മധ്യതിരുവിതാംകൂറിലെ സാമൂഹിക സാമ്പത്തിക രാഷ്ട്രീയരംഗങ്ങളിൽ വന്ന മാറ്റം ജനജീവിതം ദുസ്സഹമാക്കിയപ്പോൾ ഇനിയെന്തെന്ന് ചോദ്യത്തിന്റെ ഉത്തരം തേടി മധ്യ തിരു–വിതാംകൂറിൽ നിന്ന് മലബാർ എന്ന കാനാൻ ദേശത്തേക്ക് കുടിയേറിയ നെല്ലിക്കുറ്റിയുടെ ആദിമകുടിയേറ്റക്കാർ കാട് നാടാക്കി കനകം വിളയിക്കുമ്പോഴും തങ്ങളുടെ പിഞ്ചോമനകളുടെ വിദ്യാഭ്യാസകാര്യങ്ങളിൽ അതീവശ്രദ്ധാവച്ചിരുന്നു. കുടിയേറ്റ കാലം മുതൽ നെല്ലിക്കുറ്റിക്കാരുടെ ആഗ്രഹമായിരുന്ന ഹൈസ്ക്കൂൾ എന്ന സ്വപ്നം യാഥാർഥ്യമായത് സ്കൂൾ മാനേജർ യശഃശരീരനായ ഫാദർ ജോർജ് തടത്തിലിന്റെ നിശ്ചയദാർഢ്യത്തിന്റെ ഫലമായാണ്. അദ്ദേഹത്തിന്റെ നേതൃത്വവും, ഒരു ജനതയുടെ കൂട്ടായ അധ്വാനവും സംഘബലവും, വി. ആഗസ്തീനോസിന്റെ അനുഗ്രഹവർഷവും, വിദ്യാദേവതയുടെ കടാക്ഷവും ആയപ്പോൾ 1983 ജൂൺ15–ന് അക്ഷരദീപം തെളിഞ്ഞ സെന്റ് അഗസ്റ്റിൻസ് ഹൈസ്ക്കൂൾ മലയോര ഗ്രാമത്തിന്റെ അക്ഷര ജ്യോതിസ്സായി ജൈത്ര യാത്ര തുടരുന്നു.

കഴിഞ്ഞ 37 വർഷം കൊണ്ട് ഒരുപാട് വിജയഗാഥകൾ രചിച്ച ഈ സ്ഥാപനം സ്കൂൾ മാനേജർ റവ. ഫാ. ജയ്സൺ കുനാനിക്കലിന്റെയും ഹെഡ്മിസ്ട്രസ്സ് ശ്രീമതി.മേഴ്സി തോമസിന്റെയും നേതൃത്വത്തിൽ കൂടുതൽ മികവോടെ ഉന്നതിയുടെ പടവുകൾ അനുദിനം നടന്നുകയറിക്കൊണ്ടിരിക്കുന്നു. 2 കോടി രൂപ ചിലവിൽ മനോഹരമായ ഒരു സ്കൂൾ കെട്ടിടം എല്ലാ സൗകര്യങ്ങളോടും കൂടി അണിഞ്ഞൊരുങ്ങുമ്പോൾ സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂൾ നിർവൃതിയുടെ നിറവിൽ ഓർക്കുന്നു കൂടെ നടന്നവരെ, കൈപിടിച്ച് നടത്തിയവരെ, മുന്നിൽ നിന്ന് നയിച്ചവരെ....



# ഈ വർഷത്തെ പ്രവർത്തന മികവുകൾ

- സംഘഗാനത്തിൽ സംസ്ഥാന തലത്തിൽ 'എ' ഗ്രേഡ്
- ദേശഭക്തിഗാനത്തിൽ സംസ്ഥാന തലത്തിൽ 'എ' ഗ്രേഡ്
- യൂത്ത് പാർലമെന്റ് മത്സരത്തിൽ ജില്ലയിൽ ഒന്നാം സ്ഥാനം
- യൂത്ത് പാർലമെന്റ് മത്സരത്തിൽ സംസ്ഥാനത്താളത്തിൽ  നാലാം സ്ഥാനം
- യൂത്ത് പാർലമെന്റ് മത്സരത്തിൽ സംസ്ഥാന തലത്തിൽ മാസ്റ്റർ ജോസ്റ്റിൻ ടോം Best Parliamentarian.
- യൂത്ത് പാർലമെന്റ് സംഘടിപ്പിച്ച Best School Principal , Best School Cordinator ട്രോഫി , ക്യാഷ് പ്രൈസ്, സർട്ടിഫിക്കറ്റ് .
- ഗാന്ധി ക്വിസ് ജില്ലാതലത്തിൽ ഒന്നാം സ്ഥാനം
- ഗണിത ക്വിസ്സ്  മാസ്റ്റർ മാനസ് ജോസഫ് സബ്ജില്ലയിൽ രണ്ടാം സ്ഥാനം സംസ്ഥാനതല നീന്തൽ മത്സരത്തിൽ 9 കുട്ടികൾ പങ്കെടുത്ത്  2 കുട്ടികൾ ഗ്രേസ് മാർക്കിന് അർഹരായി
- ജില്ലാതല ശാസ്ത്രമേളയിൽ വർക്കിംഗ് മോഡൽ വിഭാഗത്തിൽ 'എ' ഗ്രേഡ്
- ജില്ലാതല ശാസ്ത്രമേളയിൽ Improvised Experiments വിഭാഗത്തിൽ  'എ' ഗ്രേഡ്
- ജില്ലാതല IT മേളയിൽ മാസ്റ്റർ ജോർജ്ജ് സി എം 'എ' ഗ്രേഡ്
- പഞ്ചായത്തുതല ഗണിതോത്സവത്തിൽ മാസ്റ്റർ ഇമ്മാനുവൽ ഷിബു Best Camper.
- ജില്ലാ ചെസ്സ് മത്സരത്തിൽ ആർഷ ലിറ്റിൽ തെരേസ് , വൈശാഖ് രാജൻ മികച്ച പ്രകടനം
- ഹാൻഡ്ബാൾ സബ്ജില്ലാ റണ്ണർ അപ്
- കരാട്ടെ ജില്ലാ മത്സരത്തിൽ മികച്ച പ്രകടനം
- ശാത്രമേളയിൽ സബ്ജില്ലാ ഓവറോൾ
- പ്രവർത്തിപരിചയ മേളയിൽ ജില്ലയിലേക്ക് പങ്കാളിത്തം
- ഇരിക്കൂർ ഉപജില്ലാ മലയാളം പ്രസംഗം First 'എ"ഗ്രേഡ്

- കണ്ണൂർ റവന്യൂ ജില്ലാ മലയാളം പ്രസംഗം First 'എ"ഗ്രേഡ്
- YMCA ഉത്തരമലബാർ പ്രസംഗമത്സരം ഒന്നാം സ്ഥാനം
- മടമ്പം സത്യൻ സ്മാരക ഉത്തരമലബാർ പ്രസംഗമത്സരം ഒന്നാം സ്ഥാനം
- YMCA കണ്ണൂർ ജില്ലാ ക്വിസ് മത്സരം ഒന്നാംസ്ഥാനം

**മലയോരമേഖലയിലെ പിന്നോക്കം**
**നില്ക്കുന്ന പ്രദേശമാണ് നെല്ലിക്കുറ്റി പഠനത്തിനായി**
**കോട്ടക്കുന്ന, ഏറ്റുപാറ, അരീക്കാമല, മിഡിലാക്കയം, പൂപ്പറമ്പ,**
**വെമ്പുവ പ്രദേശങ്ങൾ വിദ്യനേടാനായി നെല്ലിക്കുറ്റിയെയാണ്**
**ആശ്രയിച്ചത്.**
**അച്ചടക്കത്തിനും, മൂല്യബോധത്തിനും,**
**സാംസ്ക്കാരികവളർച്ചക്കും, സർഗാത്മകതക്കും**
**ഉന്നതപരീക്ഷാവിജയത്തിനും, കലാകായിക നേട്ടങ്ങൾക്കും**
**പ്രധാന്യം നല്കുന്ന ബോധനരീതികളും**
**പഠനപാഠ്യേതരപ്രവർത്തനങ്ങളുമാണ് നാളിതുവരെ സ്വീകരിച്ചുപോന്നത്...**
**നേട്ടങ്ങളുടെ പട്ടികയുമായി**
**നെല്ലിക്കുറ്റി സെന്റ് അഗസ്റ്റിൻസ് ഹൈസ്ക്കൂൾ അതിന്റെ ജൈത്രയാത്ര**
**തുടരുന്നു...**



സംസ്ഥാനതല യൂത്ത്പാർലമെന്റ് മത്സരത്തിൽ Best School Principal , Best School  Cordinator ട്രോഫി , ക്യാഷ് പ്രൈസ്, സർട്ടിഫിക്കറ്റ് തുടങ്ങിയവ ഹെഡ്മിസ്ട്രസ്സ് ശ്രീമതി.മേഴ്സി തോമസ്, ശ്രീ. ടോമി മാത്യു എന്നിവർ നിയമസഭാമന്ദിരത്തിൽവച്ച് ഏറ്റ് വാങ്ങുന്നു.

## കഥ

# വിശപ്പ്

അയാൾ വിജനമായ ചെമ്മൺപാതയിലൂടെ എങ്ങോട്ടെന്നറിയാതെ തന്റെ പാദങ്ങൾ പെറുക്കിപെറുക്കി വെച്ച് നടന്നു.അപ്പോൾ ഒരു ബസ്സ് ഹോണടിച്ചു കൊണ്ടതിലെ കടന്നുപോയി. അയാൾ മറ്റൊന്നിലും ശ്രദ്ധിക്കാതെ മുന്നോട്ടുനീങ്ങിക്കൊണ്ടേയിരുന്നു. എൺപതിനോടടുത്ത് പ്രായം വരുന്ന അയാളുടെ നിർജീവമായ കണ്ണുകൾ




പ്രായാധിക്യത്തിന്റെ അസ്വസ്ഥതകൾ വിളിച്ചുപറയുന്നവയായിരുന്നു. വിയർപ്പിൻകണങ്ങൾ അയാളുടെ നെറ്റിയിലൂടെ ഒലിച്ചിറങ്ങുന്നുണ്ടായിരുന്നു. എല്ലുകൾ ഉന്തിനിന്നിരുന്ന അയാളുടെ വിരലുകൾ ആ വിയർപ്പുകണങ്ങൾ തുടച്ചുമാറ്റിക്കൊണ്ടേയിരുന്നു. അയാളുടെ പ്രവ്രത്തികളെല്ലാം യാന്ത്രികമായിരുന്നതിനാൽ അയാളൊരു ശ്രദ്ധാകേന്ദ്രമായി മാറി. അയാൾ ചെമ്മൺപാതയിൽനിന്ന് ഹൈവേയിലേക്ക് കടന്നു.എങ്ങോട്ടാണീ യാത്ര?എന്തിനുവേണ്ടിയാണിത്? ഒരുപാട് ചോദ്യങ്ങൾ അയാളുടെ മനസ്സിൽ രൂപപ്പെട്ടുകൊണ്ടേയിരുന്നു.അയാൾ മുന്നോട്ടുനീങ്ങിക്കൊണ്ടേയിരുന്നു. ഇപ്പോൾ അയാളുടെ മനസ്സുനിറയെ ചോർന്നൊലിക്കുന്ന തന്റെ കൂരയിൽ തന്നെയും കാത്ത് ഒരിറ്റുവറ്റിനുവേണ്ടി കൊതിച്ചുനിൽക്കുന്ന തന്റെ പ്രിയപത്നിയാണ്. തന്റെ വീട്ടിൽനിന്നിറങ്ങുമ്പോൾ വരെ വേഗംവരണേയെന്ന് അപേക്ഷിച്ച് ക്ഷയരോഗത്തിന്റെ പിടിയിലകപ്പെട്ട് കട്ടിലിൽ തണുത്തുവിറച്ചുകിടക്കുന്ന തന്റെ ഭാര്യ.കീറിപ്പറിഞ്ഞ വസ്ത്രങ്ങളിൽ നോക്കി വിധിയെ പഴിക്കുന്ന ഭാര്യ.ഒരിക്കലും തന്നെ കുറ്റപ്പെടുത്താത്ത സ്നേഹസമ്പന്നയായ ഭാര്യ.അവൾക്കുനൽകാൻ ഒരിറ്റുവറ്റെങ്കിലും കിട്ടാൻ അയാൾ മനസ്സുകൊണ്ടാഗ്രഹിച്ചു.അനേകം വേലക്കാരും നായ്ക്കളുമുള്ള ഒ രു സമ്പന്നന്റെ വീടു കണ്ടപ്പോൾ അയാൾ കയറിച്ചെന്നു.തന്റെ ദുരവസ്ഥ അറിയിച്ച് കുറച്ചു ഭക്ഷണം വാങ്ങുകയായിരുന്നു ലക്ഷ്യം.അയാളെ അകത്തേക്കു കടത്തിവിടാൻ ആ സെക്യൂരിറ്റി തയ്യാറായില്ല.സെക്യൂരിറ്റി ആ പടുവ്രദ്ധനെ ചീത്ത പറയുകയും റോഡിലേക്ക് തള്ളിവിടുകയും ചെയ്തു.മുട്ടുപൊട്ടി ചോര വാർന്നൊഴുകിയ പ്പോൾ വ്രദ്ധൻ വേച്ചു വേച്ചു തന്റെ കുടിലിലേക്ക് നടന്നു.വെറുംകൈയുമായി തിരിച്ചുവരുന്നതുകണ്ടിട്ടും വൃദ്ധനെ ശകാരിച്ചില്ല.

അയാളുടെ മുട്ടിലെ മുറിവുകണ്ട് തനിക്ക് ആവുന്നതുപോലെ ശുശ്രൂഷിക്കാനും പരിശ്രമിച്ചു.അവർ വെള്ളം മാത്രം കുടിച്ച് തന്റെ വയറിനെ സാന്ത്വനിപ്പിച്ചു. പിറ്റേദിവസവും വ്രദ്ധൻ അന്നന്നത്തെയാഹാരത്തിനുള്ള വകക്കായി അതിരാവിലെതന്നെ യാത്ര ആരംഭിച്ചു. വഴിയിൽക്കാണുന്ന കുരുന്നുകളെല്ലാം അയാളുടെ കീറിപ്പറിഞ്ഞ വസ്ത്രവും ജഡപിടിച്ച മുടിയും കണ്ട് അമ്മമാരുടെ പിറകിൽ ഒളിച്ചു. അനേകം ധനികരുടെ വീടുകൾ കയറിയിറങ്ങിയിട്ടും ആട്ടും തുപ്പുമല്ലാതെ അയാൾക്ക് മറ്റൊന്നും ലഭിച്ചില്ല. ഭക്ഷണത്തിനുവേണ്ടി അയാൾ മുന്നോട്ടുതന്നെ



നടന്നു.പ്രായാധിക്യത്താലും അസഹനീയമായ ചൂടിനാലും ആ വൃദ്ധപിതാവ് വഴിയരുകിൽ കുഴഞ്ഞുവീണു.കുറേനേരം ആരും ശ്രദ്ധിക്കാതെ അയാൾ അവിടെത്തന്നെകിടന്നു.പിന്നീടാരോ തന്നെ കൈക്കുപിടിച്ചു കൊണ്ടുപോകുന്നതായി അയാൾ തിരിച്ചറിഞ്ഞു. പിന്നെ അയാൾ വീണ്ടും ഉറക്കത്തിലേക്ക് വഴുതിവീണു.കണ്ണുതുറക്കുമ്പോൾ അയാൾ ഏതോ വീടിന്റെ നടുത്തളത്തിൽ കിടക്കുകയാണ്. അപ്പോൾ ഒരു മനുഷ്യൻ വന്ന് അയാളെ ശുശ്രൂഷിച്ചു. അയാളോട് ആ മനുഷ്യൻ ഒരു സാമൂഹ്യപ്രവർത്തകനാണെന്നും അയാളാണ് ആ വ്രദ്ധനെ രക്ഷിച്ചതെന്നും വെളിപ്പെടുത്തുന്നു. ആ മനുഷ്യൻ




ആ വ്രദ്ധനോട് അയാളുടെ വീടിനെക്കുറിച്ചും വീട്ടുകാരെക്കുറിച്ചും ചോദിച്ചു. അയാൾ തന്റെ അത്യാഗ്രഹികളായ മക്കളെക്കുറിച്ചും അവർ സ്വത്ത് എഴുതിമേടിച്ച് തങ്ങളെ ഇറക്കിവിട്ടതിനെക്കുറിച്ചും പഞ്ചായത്തംഗങ്ങൾ മുൻകൈയെടുത്ത് തെരുവിലൊരു കൊച്ചുവീടു വെച്ചുതന്നതിനെക്കുറിച്ചും അയാൾ പറഞ്ഞു. സാമൂഹ്യപ്രവർത്തകനായ അയാൾ ഭക്ഷണവും കുറച്ചു പൈസയും അയാളെ ഏൽപ്പിക്കുന്നു.ഭാര്യക്ക് നല്ല ഭക്ഷണം കൊടുക്കാനുള്ള ധൃതിയിൽ അയാൾ പെട്ടെന്ന് നടന്നു. അയാൾ വീടിനുള്ളിലേക്ക് പ്രവേശിച്ചു. പുതപ്പിനുള്ളിൽ തണുത്തുവിറച്ചുകിടന്ന ഭാര്യയെ അയാൾ കുലുക്കിവിളിച്ചു. നല്ല ഭക്ഷണം കഴിക്കാൻ ആഗ്രഹിച്ച ആ നല്ല ഭാര്യ അവിടെയുണ്ടായിരുന്നില്ല. അവളുടെ ഹൃദയമിടിപ്പ് നിലച്ചിരുന്നു......

**അലീന ബെന്നി 9 എ**

# കവിത

## നന്മമഴ

മണ്ണും മനസ്സും തണുപ്പിച്ചീടുന്നൊരു
നനവുള്ള നാളുകൾ ഓർത്തീടുമ്പോൾ
തളിർത്തീടുന്ന പുതു നാമ്പുകൾ ചുറ്റിലും
കിളിർത്തീടുന്ന ചില സ്വപ്നങ്ങളും
വളർന്നീടുവാനായ് ഞാൻ കരങ്ങൾ നീട്ടുന്നു
തളർത്തീടുന്ന ചില വൈരികളും
വെട്ടിപ്പിടിച്ചതും തട്ടിപ്പറിച്ചതും
നെട്ടോട്ടമോടി കരുപ്പിടിപ്പിച്ചതും
ഒട്ടിയും പറ്റിയും ചേർന്നു നിന്നോർപോലും
വെട്ടിലായ് വീഴ്ത്തുന്ന കാലമിതാ



ക്ഷണികമാം ജീവിതം ക്ഷണിച്ചു വരുത്തുന്ന
ക്ഷിപ്രമാം കോപത്തെ മനസ്സിനുള്ളിൽ
ക്ഷമിക്കുവാനും ക്ഷമ ചോദിച്ചിടുവാനും
ക്ഷയിച്ചു പോകുന്നതാം മർത്ത്യജന്മം
ഓർത്തീടുന്നു ഞാനെൻ പൂർവ്വകാലത്തേയും
പാർത്തിടുന്നൂ അവർ മാനത്തേയും
ചേർത്തിടുന്നു മർത്ത്യ മാനസങ്ങളേയും
കോർത്തിണക്കി പദം മുന്നേറുവാൻ
അന്നൊരു നാളിലായ് പെയ്തൊരു പേമഴ
ഇന്നെന്റെ ഉള്ളിൽ പെരുവെള്ളമായ്
തള്ളിക്കയറുന്നു നിറഞ്ഞു കവിയുന്നു
സ്നേഹത്തിൻ അതിരുകൾക്കപ്പുറമായ്
ആ നന്മമഴ..........

ബിമൽ പി ബിനു 9 എ


# ഹിന്ദി കവിത

*"माँ "*



*ईश्वर का दूसरा रूप*
*है मेरी प्यारी "माँ"*
*मेरी खुशी के पीछे*
*मेरी "माँ " की अश्रु है*
*मेरी जीत के पीछे*
*मेरी "माँ " की मेहनत है*
*स्नेह भरी उसकी बातें*
*ईश्वर की वाणी है*
*"माँ " तेरी ममता की*
*छाया में हम जीते हैं*
*"माँ "तेरी प्यार की*
*सागर में हम रहते हैं*

*स्टेफिया जोसफ ९ ൭*



## ലേഖനം

# ലഹരിക്കടിമപ്പെട്ട കൗമാരം



കുട്ടികളുടെ കൗമാപ്രായത്തിൽ ലഹരിക്ക് വലിയ പങ്ക് വഹിച്ചു കൊണ്ടിരിക്കുകയാണ്.കൗമാരക്കാർക്കിടയിൽ ലഹരി ഉപയോഗത്തെക്കുറിച്ചുള്ള വാർത്തകൾ ഓരോ ദിവസവും കൂടിവരുകയാണ്. ഈ കാലഘട്ടങ്ങളിൽ ലഹരിയുടെ ഉപയോഗംഅനുദിനം വർധിച്ചു വരുകയാണ്. മറ്റുള്ളവരുടെ പ്രേരണയാൽ രുചിച്ച് തുടങ്ങി പിന്നീട് അതിന് അടിമപ്പെട്ടു പോകുകയാണ്കൗമാരം. ലഹരികളുടെ ഉപയോഗം കുട്ടികളെ ശാരീരികമായും മാനസികമായും അവരുടെ ജീവിതത്തെ ബാധിക്കും. എന്താണ് ലഹരി? ലഹരി തരുന്നസുഖം എന്താണ്? മനുഷ്യനെ തന്റെ ചിന്തകളിൽനിന്നും പ്രവർത്തനങ്ങളിൽ നിന്നും മാറ്റിനിർത്തി പൈശാചിക ചിന്തകളിലേക്കും മറ്റുംഎത്തിക്കുന്ന ഒരു മാസ്മരിക ശക്തിയാണ് ലഹരി. ഒരിക്കൽ ഉപയോഗിച്ചാൽ പിന്മാറാൻ പറ്റാത്ത വിധം അത് മനുഷ്യനെ വരിഞ്ഞുമുറുകുന്നു. ലഹരി തരുന്ന സുഖം നൈമിഷികമാണെങ്കിലും അത് ആസ്വദിക്കുവാനുള്ള ആകാംഷയിൽ കൗമാരക്കാർ അതിലേക്ക് കടന്നുവരുന്നു. എവിടെ നിന്നാണ് കുട്ടികൾക്കും യുവാക്കൾക്കും ലഹരി കിട്ടുന്നത്? ഇതിനായി ഇന്ന് ലഹരിമാഫിയകൾ രൂപം കൊണ്ടിട്ടിണ്ട്.തുടക്കത്തിൽ യുവാക്കളേയും കുട്ടികളേയും ലഹരിയിലേക്ക് ആകർഷിക്കാനായി ലഹരികൾ സൗജന്യമായി വിതരണം ചെയ്യും.പിന്നീട് അതിന് അടിമപ്പെട്ട് കഴിയുമ്പോൾ അതില്ലാതെ ജീവിക്കാൻ സാധിക്കില്ല.ഇത്തരം സന്ദർഭങ്ങളിൽഅവർ പണം കണ്ടെത്താനായി എന്തും ചെയ്യും. മോഷണം,പിടിച്ചുപറിമാതാപിതാക്കളെ ദ്രൂഷണം ചെയ്യൽ,എന്നിവയിലൂടെയെല്ലാം അവർ ശ്രമിക്കും. ചിലപ്പോൾ അവ കൊലപാതകം വരെ എത്തിചേരാം.ഒരുതവണ ലഹരിയുടെ കെണിയിൽ പെടുന്നവർക്ക് പിന്നീട് പുറത്തിറങ്ങാൻ കഴിയില്ല. അത് അത്രയും കഠിനമാണ്.

ഏതൊക്കെ സാഹചര്യങ്ങളാണ് ലഹരിയിലേക്ക് നയിക്കുന്നത്? ലഹരിയുടെ ഉപയോഗം തടയാനായി നമ്മുക്ക് ചെയ്യാൻ സാധിക്കും? ഇതിനെക്കുറിച്ച് നാം ചിന്തിക്കേണ്ടി ഇരിണ്ടിയിരിക്കുന്നു. ഒരേപ്രായക്കാരായ കുട്ടികളുടെ നിർബന്ധം, ലഹരിയിലേക്കുള്ള ആകാംഷ,മാതാപിതാക്കൾ തമ്മിലുള്ള വിള്ളലുകൾ തുടങ്ങിയവയാണ് ലഹരിയിലേക്ക് അടുപ്പിക്കുന്നത്. കുട്ടികളിൽ നല്ലൊരു വ്യക്തിത്വം വളർത്താൻ മാതാപിതാക്കൾ ശ്രമിക്കണം.സംസ്ഥാന എക്സൈസ് വകുപ്പിന്റെ ആഭിമുഖ്യത്തിൽ വ്യാപകമായ ബോധവൽകരണ പ്രവർത്തനങ്ങൾ നടത്തിവരിന്നുണ്ട്. ഭാവി തലമുറയെ മാരകമായ രോഗങ്ങളിലേക്ക് തള്ളിവിടുന്ന ഈ അത്യാപത്തിനെ സമൂഹത്തിൽനിന്നും നീക്കി കളയുന്നതിനുവേണ്ടിനമുക്കൊരുമിച്ച് കൈകോർക്കാം

**ജോയൽ ജോർജ്ജ് 9 എ**

## കവിത

# പേമാരി

ഉറഞ്ഞുതുള്ളുന്നവൾ,പ്രകൃതിയെ
കണ്ണീരിലാഴ്ത്തുന്നവൾ
നാശനഷ്ടങ്ങൾ വിതയ്ക്കുന്നവൾ
ക്രൗരത്തോടാർത്തു പാടുന്നവൾ
തന്നുടെ ഹാരമാം വെള്ളിടിവീശി

പാടങ്ങൾ മുക്കിമൂടീടുന്നു
മരങ്ങളെ തല്ലിയുലച്ചീടുന്നു
എന്തിനീ ക്രൗര്യം സോദരീ നീ
ശാന്തയായ് മാറൂ തെല്ലുവേഗം
തോടുകൾ നിറഞ്ഞൊഴുകീടുന്നു
ആറുകൾ കുത്തിയൊലിച്ചീടുന്നു
ക്രോധം വെടിഞ്ഞീട്ടു നീ സോദരീ
ശാന്തയായ് സൗമ്യയായ് വന്നീട്ടു നീ



# ലേഖനം

## ഗാന്ധി ദർശനവും നാളത്തെ ഭാരതവും



സനാതന മൂല്യങ്ങളുടെസംഗമ ഭൂമിയായ ഭാരതം ലോകത്തിന് നല്കി യുഗപുരുഷനെ കാലം അടയാളപ്പെടുത്തിയത് മഹാത്മാഗാന്ധി എന്നപേരിലാണ്.നമ്മുക്ക് ഗാന്ധിജി ഒരു വ്യക്തിയല്ല മറിച്ച് കാലം കവരാത്ത ഒരു ഓർമ്മപ്പെടുത്തലാണ്. മഹാത്മഗാന്ധിയുടെ ജീവിതവും മരണവുമാണ് ആത്മബലത്തിലേക്കും സഹനപാഠങ്ങളിലേക്കും നമ്മുടെ രാജ്യത്തെ കൊണ്ടുപോയത്. ഇന്ത്യ എന്ന മഹാരാജ്യത്തിന്റെ സത്തയേയും ദർശനത്തേയും നമ്മുക്കുണ്ടാവേണ്ട ബഹുസ്വരതയേയും സഹിഷ്ണുതയേയും നിർവചിച്ചത് ഗാന്ധിമാർഗങ്ങളാണ്.രാജ്യത്തിന്റെ സ്വാതന്ത്ര്യവും ജനങ്ങളുടെ ക്ഷേമവുംലക്ഷ്യമാക്കിയിട്ടുള്ളതും ധാർമ്മികതയിൽ അധിഷ്ഠിതവുംആയിരുന്നു ഗാന്ധിയൻ ദർശനങ്ങൾ. സമഗ്രമായ സാമൂഹ്യമാറ്റത്തിനുള്ള കർമ്മ പരിപാടികളാണ് ഗാന്ധിമാർഗം. പ്രതിരോധത്തോടൊപ്പം പുനർനിർമ്മാണത്തിനുള്ള ഘടകങ്ങളുംഅതിൽ അടങ്ങിയിരിക്കുന്നു. ഭാരതിത്തിന്റെ സ്വാതന്ത്ര്യത്തിനായിഅദ്ദേഹം ആവിഷ്കരിച്ച തന്ത്രങ്ങൾ ഒരിടത്തും പരീക്ഷിച്ച് വിജയസാധ്യത നിർണയിച്ചവയായിരുന്നില്ല.ഗാന്ധിജി പ്രായോഗികമാക്കിയ അഹിംസാമാർഗം ചരിത്രഗതിയെ തന്നെ തിരിച്ചുവന്നതിന് കാലം സാക്ഷി. അദ്ദേഹം പരീക്ഷിച്ചിജയിച്ച സത്യാഗ്രഹം അസമത്വത്തിനും വിവേചനത്തിനും പാരതന്ത്ര്യത്തിനുമെതിരെ ലോകം ഇതുവരെ കണ്ടത്തിയതിൽ വച്ച് ഏറ്റവും സഫലമായ സമരമാർഗമായി മാറുകയും ചെയ്തു.ഇന്നാകട്ടെ ഹിംസയുടെ മതരാഷ്ട്രീയ പരീക്ഷണങ്ങൾ രാജ്യത്ത് പടരുകയാണ്. ഇവിടെ മതേതരത്വം,സഹിഷ്ണുത, ഭരണകൂടംഎന്നിവയെ കുറിച്ചുള്ള സംവാദങ്ങളും കലഹങ്ങളും കാതോർക്കേണ്ടത് ഗാന്ധിജിയാണ്. മനുഷ്യവംശത്തെ ആകമാനം ഉൾകൊള്ളുന്ന ജീവിതവീക്ഷണമാണ് ഗാന്ധിജിയുടേത്. അഹിംസ അതിന്റെ കൊടിയടാളവും.

തീവ്രമതചിന്തകൾ പൗരജീവിതത്തിന്റെ സർവ്വമേഖകളിലും വെറുപ്പിന്റെ രാഷ്ട്രീയം വളർത്തുന്നതാണ് ഇന്ത്യൻ വർത്തമാനാവസ്ഥ.ദേശീയതത്വങ്ങൾക്ക് ഇണങ്ങും വിധം നിർവചിച്ച് വ്യത്യസ്ത അഭിപ്രായക്കാരെ രാജ്യദ്രോഹികളായി ചിത്രീകരിക്കുന്നു.നൂറ്റാണ്ടുകളായി

നിലനിൽക്കുന്ന ആഹാരശീലങ്ങളെ ഒരു സുപ്രഭാതത്തിൽ വിശ്വാസത്തിന്റെ പേരിൽ തടഞ്ഞുകൊണ്ട് മതസാഹോദര്യംതകർക്കുന്ന ആൾക്കൂട്ടം മതഗ്രന്ഥങ്ങളെക്കാൾ പിൻതുടരുന്നത് ഗോഡ്സെയുടെ വാക്കുകളാണ്. രാജ്യത്തിന്റെ അഖണ്ഡതയും ജനങ്ങളുടെ സുരക്ഷിതത്വവും സംരക്ഷിക്കുന്ന ജനാധിപത്യബോധവും ഭരണകടനാ മൂല്യങ്ങളെ ആദരിക്കുകയുംചെയ്യുന്ന നേതൃത്വമാണ് നമ്മുക്ക് വേണ്ടത് ഹിംസയുടെ രാഷ്ട്രീയം ലോകം മുഴുവൻ വ്യാപിക്കുമ്പോൾ നെൽസൺ മണ്ടേല ഗാന്ധിജിയെക്കുറിച്ച് പറഞ്ഞ വാക്കുകൾ വളരെ പ്രസക്തമാണ്"ലോകം ഹിരോഷിമയും നാഗസാക്കിയും പരീക്ഷിക്കുന്ന സന്ദർഭത്തിൽ ഗാന്ധിജി അഹിംസകൊണ്ട് അതിനെ വെല്ലുവിളിച്ചു." ധാർമ്മികതയെ മുതലാളിത്വവും ശാസ്ത്രസാങ്കേതിക വിദ്യയും നിരാകരിച്ചപ്പോൾ അദ്ദഹം അത് ഉയർപിടിച്ചു.പ്രവർത്തി പരിചയ സമ്പാദനത്തിലാണ് പ്രാഥമിക വിദ്യാഭ്യാസം ഊന്നൽ നൽകേണ്ടതെന്ന് അദ്ദേഹം അഭിപ്രായപ്പെട്ടു.ഇന്ത്യയുടെ ആത്മാവ് ഗ്രാമങ്ങളിൽ വസിക്കുന്നുവെന്ന ഗാന്ധിയൻ ആദർശം ഗ്രാമീണ ജനതയുടെ രാഷ്ട്രീയാധികാരമാണ്. വ്യവസ്ഥാപിത അധികാരശക്തികളെക്കാൾ സാധാരണ ജനങ്ങളിലായിരുന്നു അദേഹത്തിന്റെ ആത്മവിശ്വാസം. ഗ്രാമകേന്ദ്രീക്രിതമായ ഗാന്ധിയൻ വികസന സങ്കൽപ്പത്തെ അവഗണിക്കുക വഴി കനത്ത പാരിസ്ഥിതിക സാമൂഹിക പ്രശ്നങ്ങളുടെ നടുവിലാണ് നാം ഇപ്പോൾ. അടിത്തട്ടിൽനിന്ന് തുടങ്ങാതെ വികസന ചിന്തകൾക്ക് ഇന്ത്യൻ സമൂഹത്തിന്റെ പ്രശ്നങ്ങൾ പരിഹരിക്കാൻ കഴിയില്ല എന്ന ഗാന്ധിജിയുടെ ഇന്ന് അഭിപ്രായം യാഥാർ-ഥ്യമാവുകയാണ്.വർധിച്ചുവരുന്ന കാർഷിക പ്രതിസന്ധിയും കർഷക ആത്മഹത്യയും ഗ്രാമീണമേഖലയിൽ നിന്നുള്ള കുടിയേറ്റവും ഈ ചിന്തയ്ക്ക് അടിവരയിടുകയാണ്.ആത്മഹത്യാ കണക്കുകളേക്കാൾ വളരെ വലുതാണ് കാർഷിക മേഖലയിലെ പ്രതിസന്ധി. സ്വാശ്രയത്തിലധിഷ്ഠിതമായ സ്വയം തൊഴിലുകളിലധിഷ്ഠിതമായ ഒരു രാഷ്ട്രമെന്ന സങ്കൽപ്പമാണ് ഗാന്ധിജി പുലർത്തിയിരുന്നത്.

അടിച്ചമർത്തപ്പെട്ടവരുടെ കൂടെ എങ്ങെനെയാണ് നേതൃത്വം കഴിടേണ്ടതെന്ന് ഗാന്ധിജി കാട്ടികൊടുത്തു. നിസ്വാർത്ഥമായ പൊതുപ്രവർത്തനത്തിന്റെ ഉദാത്തമായ ഉദാഹരണമാണ് അദേഹം കാഴ്ച വച്ചത്. ഇന്ത്യയിലെ ഏറ്റവും ദരിദ്രനായ മനുഷ്യനും പട്ടിണിയിൽനിന്നും കരകയറുമ്പോൾ മാത്രമാണ് രാജ്യം പുരോഗതി പ്രാപിക്കുന്നത് എന്ന് അദ്ദേഹം വിശ്വസിച്ചു. ഇന്ന് രാജ്യത്തിന്റെ പുരോഗതിക്കായി പ്രവർത്തിക്കുകയാണന്ന് വാദിക്കുന്ന രാഷ്ട്രീയക്കാരുടെ മുഖംമൂടി അഴിഞ്ഞുവീഴുന്നത് നിത്യകാഴ്ച്ചയായി തീർന്നിരിക്കുന്നു. ഇവിടെയാണ് ഗാന്ധിജിയുടെ സത്യം എന്ന ആദർശത്തിന്റെ പ്രസക്തി.


വിവിധ മതങ്ങൾ തോളോടുതോൾ ചേർന്ന് കഴിയുന്ന രാജ്യമാണ് തന്റെ സ്വപ്നത്തിലെ ഇന്ത്യയെന്ന് അദ്ദേഹം പറഞ്ഞു.ഏത് അർദ്ധരാത്രിയിലും സ്ത്രീകൾക്ക് വഴി നടക്കാൻ കഴിയുന്ന, പരിസരവും മനസും ജീവിതവും മലിനമല്ലാത്തവരുടെ രാഷ്ട്രീയവും അധികാരവും ഗവൺമെന്റും സാധാരണക്കാർക്ക് വേണ്ടിയുള്ള ഇന്ത്യ. തന്റെ ജീവിതമാണ് തന്റെ സന്ദേശമെന്ന് പഠിപ്പിച്ച് തന്റെ ആദർശങ്ങൾ സ്വജീവിതത്തിൽ പ്രാവർത്തികമാക്കി എന്നതാണ് എന്നതാണ് ഗാന്ധി നിത്യ നൂതനമാക്കുന്നത്. നിങ്ങൾ ഒരു തീരുമാനം എടുക്കുമ്പോൾ സ്വയം ചോദിക്കുക എന്റെ ഈ തീരുമാനം ഭാരതത്തിലെ ദരിദ്രനാരായണന്റെ ജീവിതത്തിൽ എന്തെങ്കിലും മാറ്റം വരുത്തുമോ?ഉവ്വെങ്കിൽ ആ തീരുമാനം എടുക്കുക ഇല്ലെങ്കിൽ എതിർത്തു തീരുമാനിക്കുക.ഈ ഗാന്ധി ദർശനത്തിലൂടെ പുതുഭാരതനിർമ്മിതി സാധ്യമാകട്ടെ.

ജോസ്റ്റിൻ ടോം 9 എ

# കവിത

## റോസാപ്പൂ

ചെമ്മഞ്ഞ പട്ടുതുകി
ശോഭയൂറി നിൽക്കുമീ
റോസാപുഷ്പമേ
നിന്റെ പാട്ടു ഞാൻ മൂളി
തോട്ടത്തിലൂടെ നടന്ന നേരം
നീയെനിക്കാ ചെമ്മന്നപ്പൂ
സമ്മാനിച്ചതോർമ്മയുണ്ടോ?
നിന്റെ ലീലാവിലാസങ്ങളിൽ
അതിശയിച്ചങ്ങനെ നിന്നീടുമ്പോൾ
പൊടിഞ്ഞു എൻ കൈയിൽ
ചുടുനിണം നിൻ മുള്ളുകളാൽ
രാത്രിയുടെ ഏകാന്തയാമങ്ങളിൽ
ചിന്തിച്ചു ഞാൻ നിന്നെപ്പറ്റി,
അപ്പോൾ ഞാൻ മനസ്സിലാക്കിയതും



**ഓർക്കാൻ ഓർമ്മിക്കാൻ**

സ്കൾ വാർഷികം February20

10-ാം ക്ലാസ്സ് മോഡൽ പരീക്ഷ

ഫെബ്രുവരി 14-20

10-ാം ക്ലാസ്സ് IT പരീക്ഷ ഫെബ്രുവരി 26

SSLC പരീക്ഷ മാർച്ച് 11

# യൂത്ത് പാർലമെന്റ്

പാർലമെന്ററികാര്യ വകുപ്പ് വിദ്യാർത്ഥികളിൽ ജനാധിപത്യ ബോധവും പാർലമെന്ററി നടപടിക്രമങ്ങളിൽ താൽപര്യവും അറിവും നേടുന്നതിനായി സ്കൂൾ - കോളേജ് തലങ്ങ ളിൽ നടത്തുന്ന ഒരു പരിപാടിയാണ് യൂത്ത് പാർലമെന്റ് മത്സരം. പങ്കെടുക്കുന്ന ടീമുകളുടെ സ്കൂളിൽവച്ചുതന്നെയായിരിക്കും ജില്ലാതല മത്സരങ്ങൾ നടത്തുക. പാർലമെന്ററി വകുപ്പ് നിശ്ച യിക്കുന്ന ജഡ്ജിമാരുടെ പാന ലിൽ നിന്നുള്ള ജഡ്ജസാണ് വിധിനിർണ്ണയം നടത്തുക. ജില്ലാതല മത്സരത്തിലെ വിജയികൾക്ക് സംസ്ഥാനതലമത്സരമുണ്ടായിരിക്കും. വിജയികൾക്ക് പഴയ കേരളനിയമസഭാ മന്ദിരത്തിൽ യൂത്ത് പാർലമെന്റ് നടത്താൻ അവസരം നൽകും. കൂടാ തെ നിരവധി അവാർഡുകളും ലഭിക്കുന്നതാണ്.

സംസ്ഥാനതല യൂത്ത് പാർലമെന്റ് മത്സരം നെല്ലിക്കുറ്റി സെന്റ് അഗസ്റ്റിൻസ് ചർച്ച് പാരിഷ് ഹാളിൽ വച്ച് നടന്നു. യൂത്ത് പാർലമെന്റ് ജില്ലാതല ജേതാക്കളായ നെല്ലിക്കുറ്റി സെന്റ് അഗസ്റ്റിൻസ് ഹൈസ്കൂൾ മാറ്റുരച്ച മത്സരത്തിൽ ഈ സ്കൂളിലെ 52 കുട്ടികൾ പങ്കെടുത്തു.കേരള നിയമസഭയിലെ പാർലമെന്ററി വകുപ്പ് ഉദ്യോഗസ്ഥർ വിധികർത്താക്കളായ ചടങ്ങിൽ കുമാരി സൊണാലി മനോജ് സ്പീക്കറായും കുമാരി അബിന മേരി ബിനോയ് , കുമാരി നന്ദന കെ. പി ,മാസ്റ്റർ ജോസ്റ്റിൻ ടോം എന്നിവർ യഥാക്രമം പ്രസിഡന്റ് , പ്രധാനമന്ത്രി, പ്രതിപക്ഷ നേതാവ് എന്നീ റോളുകളിലും മികച്ച പ്രകടനം കാഴ്ചവച്ചു . പാർലമെന്റ് നടപടിക്രമങ്ങൾ മികച്ചരീതിയിൽ അവതരിപ്പിക്കാൻ കുട്ടികൾക്കായതായി വിധികർത്താക്കൾ



വിലയിരുത്തി.പ്രസിഡണ്ടിന്റെ നയപ്രഖ്യാപന പ്രസംഗവും, അംഗങ്ങളുടെ സത്യപ്രതിജ്ഞയും , അനുശോചനവും, ചോദ്യോത്തര വേളയും, അടിയന്തിര പ്രമേയവും പ്രതിപക്ഷ വാക്ക് ഔട്ടും തുടങ്ങി പാർലമെന്റ് നടപടിക്രമങ്ങൾ വളരെ മികവുറ്റതാക്കി അവതരിപ്പിക്കുവാൻ സെന്റ് അഗസ്റ്റിൻസ് ടീമിന് കഴിഞ്ഞു.

**ടോമി മാത്യു**

**സാമൂഹ്യശാസ്ത്ര അധ്യാപകൻ**




ഓർമ്മകൾ പടിയിറങ്ങുകയാണ്....പുതിയ
കലാലയത്തിന്റെ തിരുമുറ്റത്തേക്ക്....
നന്ദി......
കൈപിടിച്ച് നടത്തിയവർക്ക്...
കൂടെ നടന്നവർക്ക്......
കൈത്താങ്ങായവർക്ക്......
സർവ്വോപരി കരുണയുടെ കാവലായി കൂടെനിന്ന ജഗന്നിയന്താവിന്..

